നമ്പർ 351/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ദൈവസ്നേഹത്തിന്റെ പ്രഭ വിതറി സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവന്ന സ്വർഗ്ഗീയ പെരുന്നാൾ സമാഗതമാവുകയാണ്. കീറ്റുശീലകളാൽ പൊതിയപ്പെട്ട ശിശുവായി ദൈവപുത്രൻ പ്രപഞ്ചത്തിൽ കാണപ്പെട്ടു. തിരുജനനത്തിന്റെ വലിയ പെരുന്നാൾ ഉതിർന്നുപോകാത്ത ദൈവീക സമാധാനത്തിന്റെയും നിത്യമായ പ്രത്യാശയുടെയും നവ ചൈതന്യം പകർന്നുനൽകുന്നുണ്ട്. പാപത്താൽ ഉടഞ്ഞുപോയ ദൈവീക സ്വരൂപം വീണ്ടെടുക്കുവാനും മനുഷ്യപുത്രരെ ദൈവപുത്രരാക്കുവാനുമാണ് മശിഹാ തമ്പുരാൻ മനുഷ്യാവതാരം ചെയ്തത്. താണിറങ്ങുവാനും ചെറുതാകുവാനും ഇടം നൽകുവാനുമുള്ള ആത്മീയ പാഠങ്ങളാണ് നമ്മുടെ കർത്താവിന്റെ ജനനം നമ്മോട് പങ്കുവയ്ക്കുന്നത്.

നാം അനുഭവിക്കുന്ന എല്ലാ ദാനങ്ങൾക്കും നന്മകൾക്കും അത്യുന്നതങ്ങളിൽ ഉള്ള ദൈവത്തിന് മഹത്വം കരേറ്റുവാൻ കഴിയണം. അങ്ങനെയാണ് ദൈവപ്രസാദമുള്ള മനുഷ്യരായി നിത്യസമാധാനത്തെ നമ്മുടെ ഹൃദയങ്ങളിൽ അനുഭവവേദ്യമാക്കുവാൻ കഴിയുക. ഇതുതന്നെയാണ് സ്വർഗ്ഗീയമാലാഖമാർ നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിൽ ഭൂമിക്ക് നൽകിയ സത്യസുവിശേഷം. ബേത്‌ലഹേമിലെ ആട്ടിടയന്മാരെപ്പോലെ വിശുദ്ധിയുടെയും വിനയത്തിന്റെയും പാതകളിൽ ആരാധനയുടെ നക്ഷത്രശോഭകളാൽ അവന്റെ പുൽക്കൂടോളം യാത്ര ചെയ്യുവാൻ ഈ പെരുന്നാളിൽ നമുക്കും സാധിക്കണം. ആത്മശരീരമനസ്സുകളെ അവന് തിരുമുൽക്കാഴ്ചയായി സമർപ്പിക്കുവാനും കീറ്റുശീലകൾക്കുമപ്പുറം നമ്മുടെ ഹൃദയംകൊണ്ട് അവനെ പൊതിയുവാനും കഴിയുമ്പോൾ നമ്മുടെ ക്രിസ്തുമസ് സാർത്ഥകമായിത്തീരും. പുതുക്കം പ്രാപിച്ചവരായി നമുക്ക് പുതുവർഷത്തിലേക്ക് പ്രവേശിക്കാം. ദൈവീക ദൂതുകൾ പ്രാപിച്ച് അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞുകൊണ്ട് സഞ്ചരിക്കുവാൻ പുതുവർഷത്തിൽ ഒരു ആത്മീയ പാത നാം കണ്ടെത്തണം. നോമ്പനുഷ്ഠാനങ്ങളോടുകൂടിയ ജനനപ്പെരുന്നാൾ ആചരണം അതിന് നമ്മെ സഹായിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. എല്ലാവർക്കും അനുഗ്രഹകരമായ ഒരു ക്രിസ്തുമസും നന്മകൾ നിറഞ്ഞ പുതുവർഷവും ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ഡിസംബർ മാസം 2-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.